"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ ദിവസവേതന അടിസ്ഥാനത്തിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരായി നിയമിച്ചിട്ടുള്ള ശ്രീമതി ശ്രീജ വി.എസ്., ശ്രീമതി ദിവ്യ ഒ.കെ. എന്നിവരുടെ നിയമനകാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി(ഇബി) വകുപ്പ്

G.O.(Rt)No.903/2023/AGRI തീയതി,തിരുവനന്തപുരം, 15-09-2023

പരാമർശം:-
1. സ.ഉ.(സാധാ) നം.1762/2011/കൃഷി തീയതി 27.09.2011
2. സ.ഉ.(അച്ചടി) നം.28/2016/ധന തീയതി 26.02.2016
3. ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുടെ 01.0.7.2017-ലെ ഇ 645/2015 നമ്പർ ഉത്തരവ്.
4.സ.ഉ.(അച്ചടി) നം.56/2017/ധന തീയതി 28.04.2017.
5.സ.ഉ.(അച്ചടി) നം.112/2018/ധന തീയതി 21.07.2018.
6.സ.ഉ.(സാധാ) നം.193/2019/കൃഷി തീയതി 25.02.2019.
7.സ.ഉ.(അച്ചടി) നം.81/2019/ധന തീയതി 09.07.2019.
8.സ.ഉ.(സാധാ) നം.875/2019/കൃഷി തീയതി 24.09.2019.
9.സ.ഉ.(സാധാ) നം.682/2020/കൃഷി തീയതി 03.08.2020.
10.സ.ഉ.(അച്ചടി) നം.29/2021/ധന തീയതി 11.02.2021.
11. സ.ഉ(സാധാ) നം.830/2021/കൃഷി തീയതി 19.10.2021.
12. സ.ഉ(സാധാ) നം.586/2022/കൃഷി തീയതി 02.07.2022
13.സ.ഉ.(സാധാ) നം.83/2023/കൃഷി തീയതി 25.01.2023
14.കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 10.8.2023 ലെ ADFW/7716/2023- TV1 നമ്പർ കത്ത്

**ഉത്തരവ്**

ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന കേരള കർഷകൻ മാസികയുടെ വരിക്കാരുടെ മേൽവിലാസം വെബ് സൈറ്റിൽ ചേർക്കുന്നതിന് രണ്ടു പേരെ ദിവസവേതന അടിസ്ഥാനത്തിൽ, ജോലി പൂർത്തിയാകുന്നത് വരെ നിയോഗിക്കാൻ അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുടെ പരാമർശം (3) ലെ ഉത്തരവ് പ്രകാരം ശ്രീമതി ദിവ്യ ഒ.കെ., ശ്രീമതി ശ്രീജ വി.എസ്. എന്നിവരെ ദിവസവേതന അടിസ്ഥാനത്തിൽ യഥാക്രമം 03.07.2017, 04.07.2017 തീയതികൾ മുതൽ ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമിച്ചിരുന്നു. 179 ദിവസത്തെ സേവനം പൂർത്തിയാക്കിയ മുറയ്ക്ക് ഒരു പ്രവൃത്തി ദിവസം ഇടവേള നൽകി മൂന്ന് തവണ ടിയാളുകൾക്ക് പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ പുനർനിയമനം നൽകുകയും തുടർന്ന് പരാമർശം (6), (8), (9), (11)

(12), (13) ഉത്തരവുകൾ പ്രകാരം ഇവരുടെ സേവനകാലാവധി 179 ദിവസം വീതം ദീർ ഘിപ്പിക്കുകയും ചെയ്തിരുന്നു. ശ്രീമതി ദിവ്യ.ഒ.കെ, ശ്രീമതി ശ്രീജ വി.എസ് എന്നിവരുടെ നിലവിലെ സേവന കാലയളവ് 29.07.2023-ന് അവസാനിച്ചുവെന്നും, ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് ഇവരുടെ സേവനം അത്യന്താപേക്ഷിതമായതിനാൽ ടിയാളുകളുടെ സേവനം 179 ദിവസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (14) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2), (4), (5), (7), (10) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരായി ജോലി ചെയ്തു വരുന്ന ശ്രീമതി ദിവ്യ ഒ.കെ, ശ്രീമതി ശ്രീജ വി.എസ് എന്നിവരുടെ പ്രസ്തുത സേവന കാലാവധി 29.07.2023-ന് അവസാനിച്ച സാഹചര്യത്തിൽ ഒരു പ്രവൃത്തി ദിവസത്തെ ഇടവേള നൽകി 179 ദിവസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
S SABIR HUSSAIN
ADDITIONAL SECRETARY

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ
ശ്രീമതി ദിവ്യ ഒ.കെ, ശ്രീമതി ശ്രീജ വി.എസ് (പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ മുഖാന്തിരം)
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് എ&ഇ), കേരള, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി (AGRI-EB2/135/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ